പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2067

17.12.2012-ൽ മറുപടിക്ക്.

## കമ്മ്യൂണിറ്റി പോലീസിങ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) നിലവിൽ കമ്മ്യൂണിറ്റി പോലീസിങ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | : (എ) കമ്മ്യൂണിറ്റി പോലീസിങ് പദ്ധതി എല്ലാ ജില്ലകളിലും പൊതുജനപങ്കാളിത്തത്തോടുകൂടി ക്രിയാത്മകമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഇതിലൂടെ പോലീസ് പൊതുജനബന്ധത്തിൽ ഗുണപരമായ മാറ്റമാണ് സംഭവിച്ചിരിക്കുന്നത്. ഇത്തരം കൂട്ടായ്മ കുറ്റകൃത്യങ്ങളും മറ്റ് സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളും കുറയ്ക്കാൻ സഹായകരമാണെന്നും ഇതുവഴി പോലീസ് പൊതുജന ബന്ധം മെച്ചപ്പെട്ടിട്ടുണ്ടെന്നും കാണുന്നു. |
| (ബി) പ്രസ്തുത സംവിധാനം കാര്യക്ഷമമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | : (ബി) ഉണ്ട്. |
| (സി) മുതിർന്ന പൗരന്മാർക്കായുള്ള കരുതൽ പദ്ധതി എന്നാണ് ആരംഭിച്ചത് ; | : (സി) പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ ഭാഗമായി 2011-12 സാമ്പത്തിക വർഷത്തിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചത്. |
| (ഡി) കമ്മ്യൂണിറ്റി പോലീസ് നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ? | : (ഡി) ജനമൈത്രി പോലീസ് സ്റ്റേഷനുകൾ യുവജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ജനമൈത്രി യുവകേന്ദ്രം, സ്കൂൾ-കോളേജ് ജാഗ്രതാ സമിതികൾ, കായിക പരിശീലനകേന്ദ്രം, ആരോഗ്യ പരിപാലന പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ഫോർട്ട് കൊച്ചിയിലെ ജനമൈത്രീ കേന്ദ്രം, തൃശ്ശൂർ സിറ്റി പോലീസ് സ്റ്റേഷൻ എന്നിവ ഇത്തരം പ്രവർത്തനങ്ങളിലൂടെ ജനശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ട്. പദ്ധതിയുടെ കീഴിലുള്ള പല പോലീസ് സ്റ്റേഷനുകളിലും പൊതുജന പങ്കാളിത്തത്തോടു |

(മറുപുറം)

കൂടിയ രാത്രികാല പട്രോളിംഗ് ഊർജ്ജിതമായി നടന്നു വരുന്നു. പെൺകുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ജാഗ്രതാ സമിതികൾ, കൗൺസിലിംഗ്, ബോധവൽക്കരണ ക്ലാസ്സുകൾ, വ്യക്തിത്വ വികസന ക്ലാസ്സുകൾ എന്നിവ നടത്തി വരുന്നു. കുട്ടികൾക്ക് കായിക പരിശീലനം നൽകുന്ന തൃശ്ശൂർ സിറ്റി ജനമൈത്രി കേന്ദ്രത്തിന്റെ പ്രവർത്തനം ശ്രദ്ധേയമാണ്.

സമകാലീന പ്രശ്നങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ജനമൈത്രി പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ്, ജനപ്രതിനിധികൾ എന്നിവരുടെ കൂട്ടായ്മയിലൂടെ വിപുലമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കോട്ടയം ഈസ്റ്റ്-വെസ്റ്റ് പോലീസ് സ്റ്റേഷനുകളുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന മാലിന്യമുക്ത നഗരം പദ്ധതി ശ്രദ്ധേയമാണ്.

ദീർഘനാളായി കിടപ്പിലായ രോഗികൾ, വൃദ്ധജനങ്ങൾ, സമൂഹത്തിൽ നിന്ന് ഒറ്റപ്പെടേണ്ടി വരുന്നവർ എന്നിവരുടെയെല്ലാം ക്ഷേമപ്രവർത്തനങ്ങൾക്കും ആരോഗ്യ പരിപാലനത്തിനുമായി ജനമൈത്രി സാന്ത്വന ചികിത്സാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ജനമൈത്രി കേന്ദ്രം കെ.എ.പി.4-ാം ബറ്റാലിയൻ ആസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്ന പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി പൊതുജന പങ്കാളിത്തത്തോടുകൂടി മാതൃകാപരമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു.

ജനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിലൂടെ പല പ്രദേശങ്ങളിലും സാമൂഹ്യവിരുദ്ധശല്യം, വ്യാജവാറ്റ്, അനധികൃത മണൽ ഖനനം തുടങ്ങിയവ കുറയ്ക്കാനും സാമുദായിക സംഘർഷങ്ങൾ ഒഴിവാക്കാനും പദ്ധതിയിലൂടെ സാധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ